# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22.08.2026**

## പ്രധാനവാർത്തകൾ

1. പുന്നമടക്കായലിൽ ചരിത്രമെഴുതി അരോമ. 72-ാമത് നെഹ്റു ട്രോഫി വള്ളം കളിയിൽ ജേതാക്കളായി കൊല്ലത്തിൻറെ അരോമ ചുണ്ടൻ.

2. കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിൻറെ റഷ്യൻ സന്ദർശനത്തിന് നാളെ തുടക്കമാകും.

3. സംസ്ഥാനത്തെ ജില്ലാ, ജനറൽ ആശുപത്രികളിൽ എല്ലാ ദിവസവും 24 മണിക്കൂറും സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുമെന്ന് മന്ത്രി കെ. മുരളീധരൻ.

4. ഓണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ, ഓണസമൃദ്ധി' കർഷകച്ചന്തകൾക്ക് തുടക്കം, ഓണം വാരാഘോഷത്തിന് പകിട്ട് കൂട്ടാൻ തലസ്ഥാന നഗരി നാളെ മുതൽ ദീപാലങ്കൃതമാകും.

5. സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്, തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ്.

RNU TVPM

6. **FIH ഹോക്കി ലോകകപ്പിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് നെതർലൻഡ്സിനെ നേരിടും.**

**&&&&&&&&&&&&&&&&&&&&&&**

<u>നെഹ്രുട്രോഫി - ഇൻട്രോ</u>

ആലപ്പുഴ പുന്നമടക്കായലിൽ നടന്ന 72 മത് നെഹ്റു ട്രോഫി ജലോത്സവത്തിൽ അരോമ ചുണ്ടൻ ജേതാവായി .നടുഭാഗത്തിനാണ് രണ്ടാം സ്ഥാനം വീയപുരം മൂന്നാം സ്ഥാനവും നേടി. 4 മിനിറ്റ് 23 സെക്കൻ്റ് 328 മൈക്രോ സെക്കൻ്റാണ് അരോമ ചുണ്ടൻ്റെ ഫിനിഷിങ് സമയം. തൊട്ടു പിന്നിൽ 4 മിനിറ്റ് 23 സെക്കൻ്റ 448 മൈക്രോ സെക്കറ്റിൽ നടുഭാഗവും എത്തി. 4 മിനിറ്റ് 23 സെക്കൻ്റ് 770 മൈക്രോ സെക്കൻ്റിൽ വീയപുരം മൂന്നാമതും എത്തി.

വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവി കുമാർ.

(വോയിസ്)

RNU TVPM

**&&&&&&&&&&&&&&&&&&&&&&**

<u>നെഹ്റു ട്രോഫി-മുഖ്യമന്ത്രി</u>

രാജ്യത്തിൻ്റെ ചരിത്രത്തിൽ അടയാളപ്പെടുത്തിയ പ്രധാന വള്ളംകളിയാണ് നെഹ്റുട്രോഫിയെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. 72-ാമത് നെഹ്റുട്രോഫി വള്ളംകളി പുന്നമടക്കായലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജവഹർലാൽ നെഹ്റുവിൻ്റെ കയ്യൊപ്പ് പതിഞ്ഞ ഈ മത്സരം മലയാളികൾക്ക് ഒന്നിച്ചുകൂടാനുള്ള വലിയൊരു അവസരമാണെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

കർണാടകയും കേരളവും സഹോദര സംസ്ഥാനങ്ങളാണെന്നും, മഹത്തായ ഈ ജലമേളയിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും ചടങ്ങിൽ മുഖ്യാതിഥിയായ കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

**ഉതൃട്ടാതി ജലമേള - ഉപരാഷ്ട്രപതി**

ഇത്തവണത്തെ ആറന്മുള ഉതൃട്ടാതി ജലോത്സവത്തിൽ ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ വിശിഷ്ടാതിഥിയാകും. ഈ മാസം 30 നാണ് ഉതൃട്ടാതി വള്ളംകളി. ജലോത്സവത്തിന് മികച്ച രീതിയിൽ തയ്യാറെടുപ്പുകൾ നടത്തുമെന്ന് ആറന്മുളയിൽ ചേർന്ന അവലോകന യോഗത്തിൽ മന്ത്രി മോൻസ് ജോസഫ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&

**എസ്. ജയ്ശങ്കർ- റഷ്യ**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ റഷ്യയിലേക്ക് തിരിക്കും. വ്യാപാരം, സാമ്പത്തികം, ശാസ്ത്രം, സാങ്കേതികവിദ്യ, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട ഇന്തോ-റഷ്യൻ അന്തർ-സർക്കാർ കമ്മീഷന്റെ 27-ാമത് യോഗത്തിൽ അദ്ദേഹം സഹ-അധ്യക്ഷത വഹിക്കും. സന്ദർശനത്തിനിടെ റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി ഡോ. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&&&&&

**സ്പെഷ്യാലിറ്റി ചികിത്സാ - കെ.മുരളീധരൻ**

RNUTVPM

സംസ്ഥാനത്തെ ജില്ലാ, ജനറൽ ആശുപത്രികളിൽ എല്ലാദിവസവും 24 മണിക്കൂറും സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുമെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ. ആറുമാസത്തിനുള്ളിൽ ഇത് നടപ്പാക്കുമെന്നും അദ്ദേഹം തിരുവന്തപുരത്തു മാധ്യമങ്ങളോട് പറഞ്ഞു.ആദ്യഘട്ടമായി എല്ലാ ജില്ലകളിലും ഒരോ ആശുപത്രിയിൽ സേവനം ആരംഭിക്കും, ശേഷം ഘട്ടംഘട്ടമായി വ്യാപിപ്പിക്കും. ഇതോടെ മെഡിക്കൽ കോളേജുകളിലെ അമിതമായ തിരക്ക് നിയന്ത്രിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

പാസ്സിംഗ് ഔട്ട് പരേഡ്

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന കേരള പോലീസ് ബാൻഡ് യൂണിറ്റിലേക്ക് നിയമനം ലഭിച്ച ആദ്യ ബാച്ചിലെ 126 പോലീസ് കോൺസ്റ്റബിൾമാരുടെ പാസ്സിംഗ് ഔട്ട് പരേഡ് പേരൂർക്കട എസ്.എ.പി. പരേഡ് ഗ്രൗണ്ടിൽ നടന്നു. പരേഡിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിച്ചു. കേരള പോലീസിന് ഇത് ചരിത്രപരവും അഭിമാനകരവുമായ മുഹൂർത്തമാണെന്നും സമൂഹത്തോട് എപ്പോഴും മാന്യമായും സഹാനുഭൂതിയോടെയും പെരുമാറുക എന്നത് ഓരോ പോലീസ് ഉദ്യോഗസ്ഥൻറേയും കടമയാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

ഓണച്ചന്ത- ടി. സിദ്ദിഖ്

RNUTVPM

ഓണക്കാലത്തെ വിലക്കയറ്റവും സാധനങ്ങളുടെ ക്ഷാമവും തടയാൻ സംസ്ഥാനത്തുടനീളം 2000 'ഓണസമൃദ്ധി' കർഷകച്ചന്തകൾ പ്രവർത്തനം ആരംഭിച്ചു. പൊതുവിപണിയേക്കാൾ 30 ശതമാനം വരെ വിലക്കുറവിൽ ഈ ചന്തകളിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ് അറിയിച്ചു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യവിൽപ്പനയും തിരുവനന്തപുരം കുടപ്പനക്കുന്ന് കൃഷിഭവനിൽ മന്ത്രി നിർവ്വഹിച്ചു. ഹോർട്ടികോർപ്പ് വഴി കർഷകർക്ക് നൽകാനുണ്ടായിരുന്ന 2 കോടി 73 ലക്ഷം രൂപയുടെ കുടിശ്ശിക വിതരണം ആരംഭിച്ചതായും, വി.എഫ്.പി.സി.കെ വഴിയുള്ള കുടിശ്ശിക ഈ മാസത്തിനകം കൊടുത്തുതീർക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&&&

<u>ഓണം-വാരാഘോഷം</u>

സംസ്ഥാന വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ടൂറിസം ഓണം വാരാഘോഷത്തിൻറെ ഒരുക്കങ്ങൾ അന്തിമഘട്ടത്തിലേക്ക്. മറ്റെന്നാൾ വൈകിട്ട് 5.30 ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ വാരാഘോഷം ഉദ്ഘാടനം ചെയ്യും. ഈ മാസം 30 വരെ നടക്കുന്ന ഓണം വാരാഘോഷത്തിൽ തലസ്ഥാനത്ത് മാത്രം 35 വേദികളിൽ 340 ലേറെ കലാപരിപാടികളാണ് അരങ്ങേറുക. 3,000 ത്തോളം കലാകാരന്മാർ അരങ്ങിലും അണിയറയിലുമായെത്തും.

&&&&&&&&&&&&&&&&&&&&&&

<u>ഓണം-ദീപാലങ്കാരം</u>

RNU TVPM

സംസ്ഥാന ഓണാഘോഷങ്ങൾക്ക് മാറ്റ് കൂട്ടി കോവളത്തുനിന്ന് ആരംഭിച്ച പതാക ഘോഷയാത്ര തിരുവനന്തപുരം ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലെയും പര്യടനത്തിന് ശേഷം നാളെ കനകക്കുന്നിൽ സമാപിക്കും. വൈകുന്നേരം 6 മണിയോടെ മന്ത്രി പി സി വിഷ്ണുനാഥ് കനകക്കുന്നിൽ ഓണപ്പതാക ഉയർത്തുന്നതോടെ ആഘോഷ പരിപാടികൾക്ക് തുടക്കമാകും. തുടർന്ന്, നഗരത്തിലെ വൈദ്യുതാലങ്കാരത്തിൻറെ സ്വിച്ച് ഓൺ കർമം മന്ത്രി കെ. മുരളീധരൻ നിർവഹിക്കും. ഇതോടെ കവടിയാർ മുതൽ കിഴക്കേകോട്ട വരെയുള്ള പ്രധാന വീഥികളും സർക്കാർ മന്ദിരങ്ങളും ദീപപ്രഭയിൽ അലങ്കൃതമാകും.

&&&&&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

RNUTVPM

&&&&&&&&&&&&&&&&&&&&&&

## മൂന്നാർ മാട്ടുപ്പെട്ടി ഡാം -ബോട്ടിംഗ് - ഇൻട്രോ

ഇടുക്കി മൂന്നാർ മാട്ടുപ്പെട്ടി ഡാമിൽ മാസങ്ങളായി നിർത്തിവെച്ചിരിന്ന ബോട്ടിംഗ് വീണ്ടും ആരംഭിച്ചു . വെള്ളമില്ലാതെ നിലച്ച ബോട്ടിംഗ് പുനരാരംഭിച്ചതോടെ ഓണാഘോഷത്തിന് മൂന്നാറിലേക്ക് എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിലും വർധനവുണ്ടാകും..

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടു ക്കി ജില്ലാ പ്രതിനിധി രതീഷ് കൃ ഷ്ണ,.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&

<u>മഴ കേരളം</u>

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മറ്റന്നാൾ പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ മുതൽ ഈ മാസം 25 വരെ കേരളം, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഇന്നും നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&&&&

<u>എഫ് ഐ എച്ച്-ഹോക്കി</u>

FIH ഹോക്കി ലോകകപ്പിൽ, ഇന്ത്യൻ പുരുഷ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 7:30 നാണ് മത്സരം. പാകിസ്ഥാനെ 5-3 ന് പരാജയപ്പെടുത്തി ഇന്ത്യ പൂൾ ഡിയിൽ രണ്ടാം സ്ഥാനത്താണ്

&&&&&&&&&&&&&&&&&&&&&&

## ശബരിമല  നട

ഓണം പൂജയ്ക്കായി ശബരിമല ക്ഷേത്ര നട മറ്റന്നാൾ വൈകിട്ട് തുറക്കും. ഈ മാസം 28 വരെയാണ് ഓണം പൂജകൾ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&

## റേഷൻ കടകൾ തുറ ന്നു പ്രവർത്തിക്കും

ഓണക്കിറ്റ് വിതരണം, ഓണം ഭക്ഷ്യധാന്യങ്ങളുടെ വിതരണം, അരി വിതരണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നാളെയും ഈമാസം 25 നും റേഷൻ കടകൾക്ക് പ്രവൃത്തി ദിവസങ്ങളാണ്. പകരം ആഗസ്റ്റ് 27, സെപ്തംബർ 2 തീയതികൾ അവധിയായിരിക്കും.

&&&&&&&&&&&&&&&&&&&&&&

## പാൽ- ഗുണമേ ന്മ

ഓണത്തോടനുബന്ധിച്ച് വിപണിയിലെത്തുന്ന പാലിൻറെ ഗുണമേന്മ ഉറപ്പാക്കാൻ ക്ഷീരവികസന വകുപ്പിൻറെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കി. ഇതിൻറെ ഭാഗമായി പട്ടത്തുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസിൽ ആരംഭിച്ച ഇൻഫർമേഷൻ സെൻററിൻറെ ഉദ്ഘാടനം തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരി നിർവഹിച്ചു.

&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&
&&&

RNU TVPM